(Pages : 6)

**P – 7377**

**Reg. No. : .............................**

**Name : .................................**

## Second Semester M.A. Degree Examination, January 2023

## Malayalam Language and Literature

## ML 222 : മധ്യകാലികസാഹിത്യം

## (2003 Scheme)

Time : 3 Hours

Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) ''വിബുധപതിയൊടു നിശിചരാലയം വെന്തൊരു

വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ

അഹമഹമിഹാധിയാ പാവകജ്വാലക-

ളംബരത്തോളമുയർന്നു ചെന്നൂ മുദാ''

- സന്ദർഭവും സ്വാരസ്യവും വിശദമാക്കുക.

അല്ലെങ്കിൽ

(b) ''എരിയുമഗ്നിതൻ നടുവിൽവീഴ്കയോ?

ഗരളമമ്പൊടുകുടിക്കയോ നല്ലൂ''

- ആരുടെ വാക്കുകൾ? സന്ദർഭവും ആശയവും വിശദമാക്കുക.

P.T.O.

2. (a) ‘‘നാണംകെട്ടൊരുകോണിലിരുന്നാ-

ലാണുങ്ങൾക്കതു ഗുണമായ് വരുമോ?’’

- സന്ദർഭം എഴുതി ആശയം വിശദമാക്കുക.

അല്ലെങ്കിൽ

(b) ‘‘നാളീകനയനനന്നെന്തുതോന്നുന്നോ ഇന്നു നമ്മോടു

നാളീകം കരിമ്പനമേലെയ്ത്തപോലെയോ

- ആരുടെ വിചാരം? ആശയം വിശദമാക്കുക.

3. (a) ‘‘ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി-

ലുണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല മമ’’

- ആശയം വിശദമാക്കുക.

അല്ലെങ്കിൽ

(b) ‘‘കണ്ടാൽ ഒട്ടറിയുന്നു ചിലരിതു

കണ്ടാലും തിരിയാചിലർക്കേതുമേ

കണ്ടതൊന്നുമേ സത്യമല്ലെന്നതു

മുമ്പേ കണ്ടങ്ങറിയുന്നിതു ചിലർ’’

- ആശയം വിശദമാക്കുക.

4. (a) ‘‘വരമല്ലികാധവളവരിനെല്ലിളം കഴമ

യരി നല്ലവാമളവു തരുമല്ലൽ കേട്ടവൾ

തിരുമെല്ലടിപ്രണതവരവല്ലസൽപെരുമ

ചിരമല്ലിലും പകലുമുരുകല്ലിൽ

വീണ്ണുപരി’’ - വർണ്ണിതമെന്ത്? ആശയം വിശദമാക്കുക.

അല്ലെങ്കിൽ

(b) ‘‘പുതുമലർക്കാവിൽ വന്നെഴുമിളംകൊടികളും
കൊടികൾ പൂവിതളിൽ നിന്നുതിരുമപ്പൊടികളും
ചുഴലവും കാമുകിനെത്തഴുകുമക്കൊടികളും
കൊടിനനൈപ്പാൻവരും മൃദു നടുക്കൊടികളും’’
വർണ്ണിതമെന്ത്? ആശയം വിശദമാക്കുക.

5. (a) ഇപ്പാർത്തട്ടാം തളികയിൽ നിലാവാനപാൽക്കഞ്ഞി വീഴ്ത്തി-
ചുപ്പുപ്പെന്റിഹ മുഹുരതിൽ കൂട്ടവേട്ടിച്ചകോരാഃ
ഇത്ഥം മത്വാ ലവണസലിലം വീചി ഹസ്തൈരുയർത്തി-
പ്രത്യാസന്നേ ശശിനി ചുഴലപ്പോന്നു പൊങ്ങീ പയോധി - സന്ദർഭവും സ്വാരസ്യവും വിശദമാക്കുക.

അല്ലെങ്കിൽ

(b) ‘‘തമിൾ സംസ്കൃതമെന്നുള്ള സുമനസ്സുകൾ കൊണ്ടൊരു
ഇണ്ടമാല തൊടുക്കിന്റേൻ പുണ്ടരീകാക്ഷ പൂജയായ്’’
- ആശയം വിശദമാക്കുക.

6. (a) ‘‘ഉഡുനികരമെഴുത്തായ്, പത്രമായ് മാന,മൊപ്പായ് മുഴുമതി, മദനൻ തീട്ടിങ്ങു സന്ധ്യോപനീതം
അയി! ബത! ചെറിയച്ചീ! കാഞ്ചിതസ്യാം രജന്യാം തവവിരഹിണമെന്നെത്തന്വി
കൊൽകെന്റെ പോലെ’’
- ആശയം വിശദമാക്കുക.

അല്ലെങ്കിൽ

(b) ‘‘സുലളിത പദവിന്യാസാ
രുചിരാലങ്കാരശാലിനീ മധുരാ
മൃദുലാപി ഗഹനഭാവാ
സൂക്തരിവാവാപ സോർവ്വശീ വിജയം’’
- സന്ദർഭവും ആശയവും വ്യക്തമാക്കുക.

7. (a) ''ചൊൽക്കൊള്ളും വാണി മാതിന്നിനിയ കമലജന്മാവു ഞാനും നിനക്കെ-

ന്നിക്കാലം വന്നുതാകിൽ പെരികെയഴകുതായ് വന്നിതന്യോന്യയോഗം'' -

ആശയം വിശദമാക്കുക.

അല്ലെങ്കിൽ

(b) ''അമ്പത്തൊന്നക്ഷരാളീ കലിത തനുലതേ വേദമാകുന്ന ശാഖിക്കൊമ്പത്തമ്പൊടു പൂക്കും
കുസുമതതിയിലേന്തുന്ന പൂന്തേൻ കുഴമ്പേ

ചെമ്പൊൽത്താർബാണ ഡംഭ പ്രശമന സുകൃതോപാത്തസൌഭാഗ്യ ലക്ഷ്മീ സമ്പത്തേ
കുമ്പിടുന്നേൻ കഴലിണി വലയാധീശ്വരീ വിശ്വനാഥേ''

- ആശയം വിശദമാക്കുക.

**(7 × 3 = 21 Marks)**

II. ഓരോ ചോദ്യത്തിനും **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) കിളിപ്പാട്ട് പ്രസ്ഥാനം മലയാളസാഹിത്യത്തിൽ ഉണ്ടാക്കിയ പരിണാമം എന്ത്?

അല്ലെങ്കിൽ

(b) എഴുത്തച്ഛന്റെ കവിവ്യക്തിത്വത്തെ കുറിച്ച് പാഠഭാഗങ്ങളെ ആസ്പദമാക്കി ഉപന്യസിക്കുക.

9. (a) തുള്ളൽ കൃതികളുടെ ഭാഷാസ്വരൂപത്തെ കുറിച്ച് ഉദാഹരണസഹിതം വിശദമാക്കുക.

അല്ലെങ്കിൽ

(b) കുഞ്ചൻ നമ്പ്യാരുടെ സാമൂഹിക വിമർശം കലാപരമായ മേന്മയോ അപചയമോ എന്ന് ഘോഷയാത്രയെ മുൻനിർത്തി വിശദമാക്കുക.

10. (a) കുചേലവൃത്തം വഞ്ചിപ്പാട്ടിലെ കവിയുടെ സ്വകാര്യാനുഭവ പ്രതിഫലനത്തെക്കുറിച്ച് ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) പൂന്താനത്തിന്റെ കാവ്യശൈലിയുടെ പ്രത്യേകതകൾ ജ്ഞാനപ്പാനയെ മുൻനിർത്തി വിശദമാക്കുക.

11. (a) മണിപ്രവാള കൃതികളുടെ ചരിത്രപരവും ഭാഷാപരവുമായ സവിശേഷതകൾ അനന്തപുര വർണ്ണനത്തെ മുൻനിർത്തി പരിശോധിക്കുക.

അല്ലെങ്കിൽ

(b) മണിപ്രവാള ലഘുകാവ്യങ്ങളുടെ സവിശേഷതകൾ ചെറിയച്ചിയെ മുൻനിർത്തി വിശദമാക്കുക.

12. (a) സന്ദേശകാവ്യങ്ങളുടെ ചരിത്രപരമായ പ്രസക്തി കോകസന്ദേശത്തെ മുൻനിർത്തി വിശദമാക്കുക.

അല്ലെങ്കിൽ

(b) മധ്യകാല ചമ്പുക്കളുടെ സവിശേഷതകൾ പാഠഭാഗങ്ങളെ മുൻനിർത്തി വിശദമാക്കുക.

**(5 × 6 = 30 Marks)**

III. ഓരോ ചോദ്യത്തിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) ചന്ദ്രോത്സവത്തെ ഒരു ഹാസ്യ കൃതിയായി പരിഗണിക്കാമോ സ്വാഭിപ്രായം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) നളചരിതം രണ്ടാംദിവസം നാടകീയത കൊണ്ട് ഇതരഭാഗങ്ങളെക്കാൾ മികച്ചു നിൽക്കുന്നു. വിശദമാക്കുക.

14. (a) മണിപ്രവാളം സ്ത്രീവർണ്ണനാ പ്രധാനമാണെന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

അല്ലെങ്കിൽ

(b) കീർത്തനപ്രസ്ഥാനം മലയാളിയുടെ സാംസ്കാരിക ജീവിതത്തിന് നൽകിയ സംഭാവനകൾ വിശദമാക്കുക.

15. (a) ഭാഷാ പിതാവ് എന്ന സങ്കൽപ്പനത്തിന്റെ സാധുത്വം പരിശോധിക്കുക.

അല്ലെങ്കിൽ

(b) പ്രാചീന ദൃശ്യകലകളുടെ സ്വാധീനം കഥകളിയിൽ എത്രത്തോളം പ്രകടമാണ് എന്ന് പരിശോധിക്കുക.

**(3 × 8 = 24 Marks)**

---